**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3988** **15-07-2022 - ൽ മറുപടിയ്ക്ക്**

**റേഷനരി കടത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ ഗോഡൗണുകളിൽ നിന്നും സ്വകാര്യ ഗോഡൗണിലേക്ക് റേഷനരി കടത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവത്തോടെ കണ്ട് ഇത്തരം സംഭവങ്ങൾ തടയുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തി ക്രമക്കേട് നടത്തുന്നവർക്കെതിരെ KTPDS (Control) Order 2021ലെ വ്യവസ്ഥകൾ പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. |
| (ബി) | ഇത്തരം കടത്തിക്കൊണ്ടു പോകൽ തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി ഉപയോഗിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ? | (ബി) | റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. നാളിതു വരെ 414 വാഹനങ്ങളിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് ഘടിപ്പിച്ച് കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. ഇതിനായി എഫ്.സി.ഐകളിൽ നിന്ന് എൻ.എഫ്. എസ്.എകളിലേക്കും, എൻ.എഫ്.എസ്.എ കളിൽ നിന്നും ഓരോ റേഷൻ കടകളിലേക്കുമുള്ള വാഹനങ്ങളുടെ സഞ്ചാര പാതകൾ കൃത്യമായി കണ്ടെത്തി വെഹിക്കിൾ ട്രാക്കിംഗ് ഫ്ലീറ്റ് മാനേജ്മന്റ് സിസ്റ്റം എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുകയും ആയത് ഓരോ ജില്ലയുടെയും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മേധാവികൾ അംഗീകരിച്ച് ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തൊട്ടാകെ എഫ്.സി.ഐകളിൽ നിന്ന് എൻ.എഫ്.എസ്.എ കളിലേക്ക് 3339 റൂട്ടുകളും എൻ.എഫ്.എസ് കളിൽ നിന്നും ഓരോ റേഷൻ കടകളിലേക്ക് 7678 റൂട്ടുകളും അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ